മെട്രോ വാർത്ത

29 April 2017

# കേരളത്തിൽ മത്സ്യ വില കുറഞ്ഞെന്നു പഠനം

കൊച്ചി: സംസ്ഥാനത്തിനു പുറത്തു നിന്നു വൻതോതിൽ മത്സ്യമെത്തുന്നതിനാൽ കേരളത്തിൽ കഴിഞ്ഞവർഷം മീൻ വില കുറഞ്ഞെന്നു പഠനം. കേരളത്തിലെ ഉപഭോഗ ആവശ്യത്തിന്റെ 40 ശതമാനവും ഇതര സംസ്ഥാനങ്ങളിൽ നിന്നാണെത്തുന്നതെന്നാണ് കൊച്ചി ആസ്ഥാനമായ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) നടത്തിയ പഠനം വ്യക്തമാക്കുന്നത്. സംസ്ഥാനത്തെ മത്സ്യമേഖല നേരിടുന്ന പ്രതിസന്ധിയാണ് പഠനം സൂചിപ്പിക്കുന്നത്.



സിഎംഎഫ്ആർഐ യിലെ സാമൂഹിക-സാമ്പത്തിക അവലോകന വിഭാഗത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ ശ്യാം എസ്. സലീമും സംഘവുമാണ് മീനുകളുടെ വിപണനവും പുറം സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന മത്സ്യങ്ങളുടെ കണക്കും പഠനം നടത്തിയത്.

2016ൽ മുൻവർഷത്തെ അപേക്ഷിച്ച് 15 മുതൽ 20 ശതമാനം വരെ വിലയിൽ കുറവുണ്ടായെന്നാണു പഠനത്തിൽ പറയുന്നത്. 2014 നെ അപേക്ഷിച്ച് 2015ൽ മീൻവിലയിൽ 35 ശതമാനം വർധനയുണ്ടായിരുന്നു. ഇതുമായി താരതമ്യപ്പെടുത്തുമ്പോഴാണ് കഴിഞ്ഞവർഷം മീൻവിലയിൽ കുറവ് വന്നതായി കണ്ടെത്തിയത്. ലഭ്യതയിൽ കുറവുണ്ടായ മത്സ്യങ്ങളുടെ വിലയും കുറഞ്ഞു. അയലയുടെ വിലയാണ് ഏറ്റവും കുറഞ്ഞത്. 30.6 ശതമാനം. മലയാളികളുടെ ഇഷ്ടമത്സ്യങ്ങളായ മത്തി, അയല, കൊഴുവ, ശീലാവ്, കിളിമീൻ എന്നിവയുടെ വില മൊത്തത്തിൽ 20.7 ശതമാനം കുറഞ്ഞു. ആഭ്യന്തര മത്സ്യലഭ്യത ആവശ്യത്തിലും വളരെ കുറവായിട്ടും മത്സ്യവിലയിൽ വർധനയുണ്ടാകാത്തതിന്റെ കാരണം ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മീനുകളുടെ വരവാണെന്ന് സിഎംഎഫ്ആർഐ കണ്ടെത്തി.

സംസ്ഥാനത്തെ മത്സ്യ ഉപഭോഗത്തിന്റെ 60 ശതമാനം മാത്രം മത്സ്യമാണ് കേരളത്തിൽ നിന്ന് ലഭിക്കുന്നത്. ബാക്കി 40 ശതമാനം മത്സ്യം കർണാടക, തമിഴ്നാട്, ഗോവ, ആന്ധ്രപ്രദേശ്, ഗുജറാത്ത്, മഹാരാഷ്ട്ര, ഒഡീശ സംസ്ഥാനങ്ങളിൽ നിന്നാണെത്തുന്നത്. 2035 ഓടെ 50 ശതമാനം മത്സ്യവും ഇതര സംസ്ഥാനത്ത് നിന്ന് എത്തേണ്ട സ്ഥിതിയിലേക്ക് കേരളമെത്തുമെന്നും പഠനം സൂചിപ്പിക്കുന്നു.